(ഡി) പരിഹരിക്കപ്പെടാത്ത പരാതികൾ ഫയൽ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ മാസവും നടത്തിവന്നിരുന്ന ഫയൽ അദാലത്തിലൂടെ തീർപ്പാക്കിവന്നിരുന്നതും ബാക്കിയുള്ളവ റവന്യൂ വകുപ്പുമന്ത്രി 2015 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടത്തിയ റവന്യൂ-സർവ്വേ അദാലത്തിൽ ഉൾപ്പെടുത്തി പരിഹരിച്ചിട്ടുള്ളതാണ്. എന്നാൽ തീർപ്പാക്കാൻ കഴിയാത്ത ചില ഫയലുകളിൽ നടപടി തുടർന്നുവരുന്നു.

ഫ്ലഡ് റിലീഫ് സ്കീം

58 (2551) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫ്ലഡ് റിലീഫ് സ്കീമിൽ എത്ര കോടി രൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിലുള്ള സ്കീമിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ പ്രവൃത്തി നടത്തുന്നത് സ്റ്റേ ചെയ്തുകൊണ്ട് ഏതെങ്കിലും ജില്ലയിൽ നടപടികളുണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) സ്റ്റേ ചെയ്തിട്ടുണ്ടെങ്കിൽ ഇതുമൂലമുണ്ടായ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 2015-16 സാമ്പത്തിക വർഷം ആകെ 243,57,27,201 (ഇരുന്നൂറ്റി നാൽപ്പത്തിമൂന്ന് കോടി അൻപത്തിയേഴ് ലക്ഷത്തി ഇരുപത്തിയേഴായിരത്തി ഇരുന്നൂറ്റിയൊന്ന് രൂപ മാത്രം) രൂപ വിവിധ ശീർഷകങ്ങളിലായി ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

(ബി&സി) 13-ാം ധനകാര്യ കമ്മീഷന്റെ കാലാവധി 31-3-2015-ന് അവസാനിക്കുന്നതിനാൽ അതിനുമുമ്പ് തീർപ്പാക്കാൻ കഴിയാത്ത പ്രവൃത്തികൾ തുടങ്ങാൻ അനുമതി നൽകേണ്ടതില്ലെന്ന് 13-2-2015-ലെ 5054/K1/2015/ ഡി.എം.ഡി. നമ്പർ കത്ത് മുഖാന്തിരം എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിരുന്നു.

(ഡി) 31-3-2015-ന് മുമ്പ് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ആരംഭിച്ചിരുന്നതും എന്നാൽ 13-2-2015-ലെ 5054/K1/2015/ഡി.എം.ഡി. നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ നിർത്തിവച്ചിരുന്നതുമായ പ്രവൃത്തികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഭരണാനുമതി ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ അനുമതി നൽകിക്കൊണ്ട് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. 31-3-2015-ന് മുമ്പ് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയും എന്നാൽ പ്രസ്തുത തീയതിക്കുമുമ്പ് ആരംഭിക്കാത്തവയുമായ പ്രവൃത്തികൾ റദ്ദാക്കുകയും ചെയ്തിട്ടുണ്ട്.

മണ്ണ് എടുക്കുന്നതിനുള്ള നിയന്ത്രണം

59 (2552) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീടുപണി നടത്തുന്നതിന് മണ്ണ് എടുക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിയന്ത്രണം നിലനിൽക്കുന്നുണ്ടോ ; ഇതു സംബന്ധിച്ച വ്യവസ്ഥകൾ ഉദാരമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) വീട് പണിക്ക് മണ്ണെടുത്തത് സംബന്ധിച്ച് റവന്യൂ അധികാരികൾ എടുത്ത കേസ്സുകളിൽ ജില്ലാ ഭരണകൂടങ്ങൾ അനാവശ്യ നടപടികൾ സ്വീകരിക്കുന്നതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) വീടുപണിക്ക് മണ്ണെടുത്തതു സംബന്ധിച്ച കേസ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ശ്രീ. മോഹനൻ, മാന്നാർ, പൂഴിക്കൽ, 705/15 VIP/M (R&C) നമ്പരായി റവന്യൂ മന്ത്രിക്ക് നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വ്യക്തിഗത ഗൃഹനിർമ്മാണങ്ങൾക്ക് (ഫ്ലാറ്റ് ഒഴികെ) സാധാരണ മണ്ണ് ഉപയോഗിക്കുന്നതിനും കൊണ്ടുപോകുന്നതിനും മുൻകൂർ അനുമതി ആവശ്യമില്ലെന്ന് പരിസ്ഥിതി വകുപ്പിന്റെ 15-11-2014-ലെ GO(Ms) No.12/2014/ പരി. നമ്പർ ഉത്തരവ് ബഹുമാനപ്പെട്ട നാഷണൽ ഗ്രീൻ ട്രൈബ്യൂണലിന്റെ 31-3-2015-ലെ Application No. 67/2015 (SZ) നമ്പർ ഉത്തരവിലൂടെ റദ്ദ് ചെയ്തിട്ടുള്ളതാണ്. ഇത് സംബന്ധിച്ച വ്യവസ്ഥ ഉദാരമാക്കുവാനുള്ള നടപടികൾ സർക്കാർ വ്യവസായ വകുപ്പ് മുഖാന്തിരം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെടുന്നപക്ഷം നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly